സമഗ്രഗുണമേന്മ വിദ്യഭ്യാസം

# ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ,

## ടി . വി. പുരം

# അക്കാദമിക്മാസ്റ്റർപ്ലാൻ

## 2025 -2026





## ഉള്ളടക്കം

ആമുഖം

സ്കൂൾ അടിസ്ഥാന വിവരങ്ങൾ

സ്കൂൾ സ്ഥാപിത ചരിത്രം

അധ്യാപക വിദ്യാർത്ഥി വിവരങ്ങൾ

അക്കാദമിക അക്കാദമികേതര ചുമതലകൾ

ഭൗതിക സൗകര്യങ്ങൾ

പ്രവർത്തന പദ്ധതി വിശകലനം

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി സാധ്യമാകുന്നു.വികസനോൻമുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട് എന്ന പരമപ്രധാന ലക്ഷ്യം മുൻനിർത്തിയാണ് വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തേണ്ടത്, എന്ന പാഠം ഉൾക്കൊള്ളാൻ പരമാവധി ശ്രമിച്ചു കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

## ലക്ഷ്യങ്ങൾ

1.ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രക്രിയയും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.

2.വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ആയ ശാസ്ത്രലാബ്,ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അത് പ്രയോജനപ്പെടുത്തുകയും ചെയ്യുക.

3.ഓരോ അധ്യാപകരും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുക .

4.വിദ്യാർഥികൾക്കിടയിലും വിദ്യാർത്ഥികളും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക .

5.ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.

6.ജനാധിപത്യ മൂല്യങ്ങളിൽ അടിയുറച്ച സാമൂഹ്യ അവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

7. വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കും വിധം കരിക്കുലം ലക്ഷ്യമാക്കുന്ന ഭാഷാ പഠന നേട്ടങ്ങൾ കൈവരിക്കുക.

8.ദേശീയ അന്തർദേശീയ സാഹിത്യവും സംസ്കാരവും പരിചയപ്പെടുത്തുന്നതിലൂടെ സാഹിത്യ അഭിരുചിയും സർഗ്ഗശേഷിയും വികസിപ്പിച്ചെടുക്കുക.

9. വിവിധ ഭാഷകളിൽ സർഗാത്മകമായ സ്വതന്ത്രരാവിഷ്കാരത്തിന് അവസരം ഒരുക്കുകയും കഴിവുകളെ പ്രദർശിപ്പിക്കുവാൻ സാഹചര്യം ഒരുക്കുകയും ചെയ്യുക .

10.മാറുന്ന കാലഘട്ടത്തിനനുസരിച്ച് കുട്ടികളെ വിവരസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ളവരാക്കി മാറ്റുക.

11. ശാസ്ത്രബോധം സൃഷ്ടിക്കുകയും അതുവഴി ഗവേഷനാത്മകശാസ്ത്ര പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

12. ഗണിതശാസ്ത്ര മേഖലയിൽ കുട്ടികൾക്ക് ആത്മവിശ്വാസം നൽകി അടിസ്ഥാന ഗണിത ആശയങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.

13.കായിക കേരളത്തിന് പുത്തൻ പ്രതിഭകളെ സമ്മാനിക്കുന്ന ദേശീയ നിലവാരം പുലർത്തുന്ന കായിക പ്രതിഭകളെ വാർത്തെടുക്കുക.

14. ലഹരി വിരുദ്ധ സമൂഹത്തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളിലും അതിലൂടെ സമൂഹത്തിലും അവബോധം സൃഷ്ടിക്കുക.

15. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം ലക്ഷ്യമിടുന്ന സർക്കാർ നിർദേശപ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തംഉറപ്പുവരുത്തുക .

16.പ്രകൃതിയോടിണങ്ങി ജീവിക്കുന്ന സംസ്കാരം രൂപപ്പെടുത്തിയെടുക്കുക.

17.ശുചിത്വബോധമുള്ള, സമ്പൂർണ്ണ ആരോഗ്യമുള്ള സമൂഹ നിർമ്മിതിയുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

18. ഓരോ കുട്ടിയുടെയും സ്വതസിദ്ധ കഴിവുകളെ പരിപോഷിപ്പിക്കുന്നതിലൂടെ സ്വയം ആവിഷ്കരിക്കുവാൻ ഉതകുന്ന ഒരു പുതുതലമുറയുടെ രൂപപ്പെടുത്തൽ സാധ്യമാക്കുക.

ടി വി പുരം എന്ന ചെറിയ ഗ്രാമത്തിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലത്തിൽ എന്നും ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ടിവിപുരം ഒരു നിറസാന്നിധ്യമാണ്. ഈ നാടിന്റെ വിദ്യാഭ്യാസ പ്രക്രിയയിൽ അങ്ങേയറ്റം പ്രതിബദ്ധതയോടെ ഇടപെട്ടിട്ടുള്ള ഈ സ്ഥാപനം പഠന പഠനാനുബന്ധ പ്രവർത്തനങ്ങളിൽ കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നായി നിലകൊള്ളുന്നു .

## സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല :കോട്ടയം

സ്കൂൾ കോഡ് :45005

സ്കൂളിന്റെ പേര് വിലാസം : ടി വി പുരം പി ഓ ,വൈക്കം ,കോട്ടയം

പിൻകോഡ് :686606

ഈമെയിൽ അഡ്രസ് : ghstvpm@gmail.com

ഗ്രാമപഞ്ചായത്ത് : ടി വി പുരം

വിദ്യാഭ്യാസ ജില്ല : കടുത്തുരുത്തി

ഉപജില്ല : വൈക്കം

ക്ലാസുകൾ :5 മുതൽ 12 വരെ

മാനേജ്മെന്റ് :ഗവൺമെന്റ്

പഠന മാധ്യമം :മലയാളം, ഇംഗ്ലീഷ്

## സ്കൂൾ സ്ഥാപിത ചരിത്രം

വൈക്കം താലൂക്കിലെ ടി വി പുരം എന്ന തീരദേശ ഗ്രാമത്തിലെ ജനങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്ന് ഇന്നും ഈ നാടിന്റെ വെളിച്ചമായി നിലകൊള്ളുന്ന ടിവിപുരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപിതമായത് 1909 -10 കാലഘട്ടത്തിലാണ്. വിദ്യാസമ്പന്നരായ ജനങ്ങൾക്ക് മാത്രമേ നാടിനെ നന്മയിലേക്കും ഉയർച്ചയിലേക്കും  നയിക്കാൻ സാധിക്കൂ എന്ന ആശയം ഉൾക്കൊണ്ട് മുത്തെടുത്ത്കാവ് ആലങ്കാര പുരയിടത്തിൽ ആദ്യമായി ആരംഭിച്ച സ്കൂൾ 1913 14 കാലഘട്ടത്തിൽ ആനാടത്ത് പുരയിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു.പിന്നീട് മോഴിക്കോട് പുരയിടത്തിലേക്ക് മാറ്റി സ്ഥാപിച്ച കാലഘട്ടത്തിൽ ശ്രീനാരായണഗുരുദേവൻ മോഴിക്കോട് ക്ഷേത്രദർശനം നടത്താൻ ഇടയായി. സ്വന്തമായി സ്ഥലമില്ലാത്ത സ്കൂളിന് സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ സാമൂഹിക ഇടപെടൽ നടത്തിയ ശ്രീനാരായണ ഗുരുദേവന്റെ ശ്രമങ്ങൾ ഫലം കണ്ടു.അദ്ദേഹത്തിന്റെ അഭ്യർത്ഥന പ്രകാരം കൊല്ലേരിൽ കുടുംബം അനുവദിച്ചു നൽകിയ ഒരേക്കർ 39 മുക്കാൽ സെന്റ് സ്ഥലത്താണ് ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്നത് .1968 ൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളിന് രണ്ടായിരത്തിൽ ഹയർസെക്കൻഡറി വിഭാഗം അനുവദിക്കപ്പെടുകയുണ്ടായി . വിദ്യാലയത്തിന് ആവശ്യമായ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഒരു നാട്ഒന്നായി നിലകൊണ്ടു എന്ന് നമുക്ക് നിസംശയം പറയാം . വൈക്കം താലൂക്കിലെ കായലോര ഗ്രാമമായ ടി വി പുരം സാമ്പത്തികമായി ഏറെ പരാധീനതകൾ അനുഭവിക്കുന്ന പ്രദേശമാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുടുംബ പശ്ചാത്തലത്തിൽ നിന്ന് എത്തിച്ചേരുന്ന കുട്ടികളാണ് വിദ്യാലയത്തിൽ പഠിക്കുന്നത്. ഇന്ന് നഴ്സറി വിഭാഗം മുതൽ ഹയർ സെക്കൻഡറി വിഭാഗം വരെയായി ഏകദേശം 300- ഓളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. കഴിഞ്ഞ 16 വർഷമായി 100% വിജയം എസ്എസ്എൽസി പരീക്ഷയിൽ നേടിക്കൊണ്ട് മുന്നേറുന്ന ടിവി പുരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണ്. ഹയർ സെക്കൻഡറി വിഭാഗത്തിലെ സയൻസ് ഹ്യൂമാനിറ്റീസ് വിഷയങ്ങളിലും ,തിളക്കമാർന്ന വിജയം കൈവരിക്കാൻ  നമുക്ക് സാധിച്ചു പഠനമ മികവിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ടിവി പുരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ മികവ് തെളിയിച്ചു വരുന്നു.സംസ്ഥാന ദേശീയതലത്തിൽ കബഡി ഹോക്കി മത്സരങ്ങളിൽപങ്കെടുത്ത ഉന്നത വിജയം കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ അവരുടെ കഴിവുകൾ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ആവശ്യമായ എല്ലാവിധ പിന്തുണ സംവിധാനവും വളരെ ചിട്ടയോടെ നടപ്പിലാക്കുവാൻ അധ്യാപകരും പിടിഎയുംസംയുക്തമായി പരിശ്രമിക്കുന്നു.അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണ്യങ്ങളും ശേഷിയും വികസിപ്പിക്കുക എന്ന് ലക്ഷ്യമിടുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുക എന്നതിൽ ഓരോ അധ്യാപകരും പ്രതിജ്ഞാബദ്ധരായി ഏകമനസ്സോടെ പ്രവർത്തിച്ചുവരുന്നു.

## ഭൗതിക സാഹചര്യങ്ങൾ

ഓരോ വിദ്യാലയവും മാറുന്ന കാലത്തിനനുസൃതമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ അനുയോജ്യമായിരിക്കണം. വിദ്യാർത്ഥികൾക്ക് സൗകര്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന ശിശു സൗഹൃദപരമായ അന്തരീക്ഷം വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ് .

ഹൈസ്കൂൾ വിഭാഗത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ആയി ആകെ 136 കുട്ടികളാണുള്ളത് .ഇതിൽ പെൺകുട്ടികളും ആൺകുട്ടികളും ആണുള്ളത് . യു.പി , എച്ച്എസ് വിഭാഗങ്ങളിലായി 10 അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. 6 ക്ലാസ് മുറികളും പരിമിതമായ സൗകര്യങ്ങളോടുകൂടിയ ഐടി, സയൻസ് ലാബുകളും, ലൈബ്രറിയും സ്കൂൾ സൊസൈറ്റിയും എച്ച്.എസ് വിഭാഗത്തിൽ പ്രവർത്തിക്കുന്നു. ഉച്ച ഭക്ഷണ സംവിധാനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നു .

കോട്ടയം ജില്ലാ പഞ്ചായത്ത് അനുവദിച്ചു നൽകിയ കിച്ചൻ കം സ്റ്റോറും,എസ്.എസ്.കെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ ചുറ്റുമതിൽ, ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ പ്രവേശന കവാടം ഭാഗികമായി ടൈൽ പാകിയ സ്കൂൾമുറ്റം എന്നിവ സ്കൂളിന്റെ ഭൗതിക സാഹചര്യത്തിൽ ഏറെക്കുറെ മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്. ആകെയുള്ള 6 ക്ലാസ് മുറികളിൽ 5 ക്ലാസ് മുറികൾ ഹൈടെക് ആണ്. പതിനായിരത്തിലധികം പുസ്തകങ്ങളോട് കൂടിയ സ്കൂൾ ലൈബ്രറി കുട്ടികളുടെ വായന അനുഭവം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. സ്കൂൾ സൊസൈറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സഹായിക്കുന്നു.

മേൽപ്പറഞ്ഞ ഭൗതിക സാഹചര്യങ്ങൾ മാറുന്ന കാലഘട്ടത്തിന് പര്യാപ്തമല്ലെന്നിരിക്കെ സ്കൂളിന്റെ സർവോമുഖമായ വികസനം ലക്ഷ്യമാക്കി സ്കൂൾ പി.ടി.എ, അധ്യാപകർ ,ത്രിതല പഞ്ചായത്ത്,പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ ഒത്തൊരുമിച്ച് പ്രവർത്തിച്ചുവരുന്നു.

## സ്കൂൾ കൗൺസിലറുടെ സേവനം

5 മുതൽ 10 വരെയുള്ള കുട്ടികളിലെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും അവരുടെ മാനസിക ബുദ്ധിമുട്ടുകൾ തുറന്നു പറയുന്നതിനും ആവശ്യമായ സ്കൂൾ കൗൺസിലിംഗ് സൗകര്യം ഇവിടെയുണ്ട് . ആഴ്ചയിൽ അഞ്ചുദിവസവും സ്കൂൾ കൗൺസിലറുടെ സേവനം സ്കൂളിൽ ലഭ്യമാണ് .

## മറ്റ് തനത് പ്രവർത്തനങ്ങൾ

പത്താം ക്ലാസിലെ കുട്ടികൾക്ക് പഠന പുരോഗതി ഉറപ്പാക്കുന്നതിന് രാവിലെയും വൈകുന്നേരവും ഒരു മണിക്കൂർ വീതം അധിക പഠന സംവിധാനം ഒരുക്കിയിട്ടുണ്ട്.ഇതോടനുബന്ധിച്ച് യൂണിറ്റ് ടെസ്റ്റുകൾ, midterm പരീക്ഷകൾ, ക്ലാസ് പി ടി എ യോഗങ്ങൾ, ഗൃഹ സന്ദർശനം എന്നിവ നടത്തുന്നു. അഞ്ചാം ക്ലാസിലെ കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ എല്ലാ ദിവസവും രാവിലെ 9 30 മുതൽ നടത്തുന്നു. **അക്ഷരക്കുരുവി** എന്ന ഈ പദ്ധതിയിലൂടെ കുട്ടികളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ശ്രമിക്കുന്നു .

## സമഗ്ര വിഭവ പോർട്ടൽ ഉപയോഗിച്ചുള്ള അധ്യയനം

ചിത്രങ്ങളുടെയും വീഡിയോകളുടെയും ഉപയോഗത്തിലൂടെ ഹൈടെക് ക്ലാസ് മുറികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുന്നു. സമഗ്ര പോർട്ടൽ സ്വയം ഉപോയോഗിക്കാൻ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പരിശീലിപ്പിക്കുന്നു .

## അക്കാദമിക അക്കാദമികേതര ചുമതലകൾ

ശ്രീമതി ഷാഹിന ബീഗം: ഹെഡ് മിസ്ട്രസ്

ശ്രീമതിഫാത്തിമ ഐ : എസ്.ആർ.ജി.കൺവീനർ ,സീനിയർ അസിസ്റ്റന്റ് ,സ്കൂൾ കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് , എക്സാംബോർഡ് , ORC Nodal teacher, ആനുവൽ ഡേ

ശ്രീമതിഷൈമോൾ : സ്റ്റാഫ് സെക്രട്ടറി നോൺ മീൽ യു ഡയറി ഹെൽത്ത് എക്സാം ബോർഡ

ശ്രീ. വിപിൻകുമാർ :എസ് ഐ ടി സി, ലിറ്റിൽ കൈറ്റ്സ് , ടീൻസ് ക്ലബ് ,സ്പോർട്സ് , സ്കൂൾ ഇലക്ഷൻ

ശ്രീമതി സബിത :ജൂനിയർ റെഡ് ക്രോസ് , ലൈബ്രറി

ശ്രീമതി ആതിര :സ്റ്റുഡൻസ് സേവിങ് സ്കീം

ശ്രീമതി റുബീന :ശ്രദ്ധ

ശ്രീമതി പ്രീതി: പ്രൈമറി എസ് ഐ ടി സി , സ്റ്റുഡൻസ് സേവിങ് സ്കീം, യു പി എസ് ആർ ജി

ഡോക്ടർ ഷിമോദ് കെ ജി :കലോത്സവം

ശ്രീ ജിജോ ഗർവാസിസ് :ജോയിന്റ് എസ് ഐ ടി സി , ലിറ്റിൽ കൈറ്റ്സ്

## വിദ്യാലയം നേരിടുന്ന പരിമിതികൾ /വെല്ലുവിളികൾ.

1.ആധുനിക സൗകര്യത്തോടു കൂടിയ സ്കൂൾ കെട്ടിടം ഇല്ലാത്തത് കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.

2. സംസ്ഥാനതലത്തിൽ കബഡി , ഹോക്കി എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾ ഉണ്ടായിരുന്നിട്ടും ഒരു കായിക അധ്യാപകന്റെ സേവനം സ്കൂളിന് ലഭ്യമാക്കിയിട്ടില്ല.

3.കുട്ടികൾക്ക് പരിശീലനം ചെയ്യാനോ പി .ടി പിരീഡുകളിൽ കളിക്കാനോ പര്യാപ്തമായ സ്കൂൾ ഗ്രൗണ്ട് ഇല്ല .

4.സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം കുട്ടികളുടെ കായിക വിനോദത്തെ കാര്യക്ഷമമാക്കുന്നില്ല .

5.സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി സ്കൂൾതല പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ ഹാൾ/ ഓഡിറ്റോറിയം എന്നിവ സ്കൂളിലില്ല .

6.ആധുനിക സൗകര്യങ്ങൾ ഉള്ള സയൻസ് ലാബ് ഇല്ല. ചെറുതും പഴക്കം ചെന്നതുമായ ലാബിലാണ് ഇപ്പോൾ കുട്ടികളെ പ്രവേശിപ്പിക്കുന്നത്.

7.ഇംഗ്ലീഷിന്റെ പ്രാധാന്യം ദിനംപ്രതി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് ഭാഷ വേണ്ടവിധം കൈകാര്യം ചെയ്യാൻ ആവശ്യമായ ലാംഗ്വേജ് ലാബ് ഇല്ല.

8.ഐടി ലാബിൽ ഒരേസമയം ഒരു ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ച് ക്ലാസ് എടുക്കുവാൻ സ്ഥലപരിമിതി തടസ്സമാകുന്നു.

9.ആവശ്യത്തിന് ലാപ്ടോപ്പുകൾ ഇല്ലാത്തതും കുട്ടികളുടെ ഐ.ടി പഠനത്തെ ബാധിക്കുന്നു.

10.ആർട്ട്, വർക്ക് എക്സ്പീരിയൻസ് തുടങ്ങിയ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് നൽകിയിട്ടുണ്ടെങ്കിലും അവ പഠിപ്പിക്കുന്നതിന് ആവശ്യമായ വിദഗ്ധ അധ്യാപകരുടെ സേവനം സ്കൂളിൽ ഇല്ല . കുട്ടികളിലെ സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ കലാ അധ്യാപകരുടെ ഈ പോരായ്മ കലോത്സവങ്ങളിൽ മികവ് തെളിയിക്കുവാനും കുട്ടികളെ പ്രാപ്തരാക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുന്നു.

11.സ്കൂളിന് സ്വന്തമായ വാഹന സൗകര്യം ഇല്ലാത്തതും ഒരു പോരായ്മയായി അവശേഷിക്കുന്നു.

12. സി ഡബ്ല്യു എസ് എൻ കുട്ടികൾക്ക് വേണ്ടി ആഴ്ചയിൽ അഞ്ചുദിവസവും റിസോഴ്സ്അധ്യാപകർ ഇല്ലാത്തത് ഒരു വെല്ലുവിളിയായി തുടരുന്നു.

13.ഉപയോഗശൂന്യമായ പഴയ സ്റ്റേജ് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയായി തുടരുന്നു .

14.സൈക്കിൾ ഷെഡ് ഇല്ലാത്തതിനാൽ കുട്ടികൾ അയൽപക്ക വീടുകളെ ആശ്രയിച്ച സൈക്കിൾ പാർക്ക് ചെയ്യേണ്ടിവരുന്നു. ഇത് പലപ്പോഴും മറ്റു പ്രശ്നങ്ങൾക്ക് കാരണമാകുന്നു

15. സ്കൂൾമുറ്റം മഴക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് സഞ്ചാരയോഗ്യമല്ലാതാകുന്നു

16. ആൺകുട്ടികൾക്കു ആവശ്യത്തിന് ശുചിമുറികൾ ഇല്ല . ഉള്ളവ പഴയതും അപകടാവസ്ഥയിൽ തുടരുന്നതും ആയതുകൊണ്ട് കുട്ടികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നു.
.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

കുട്ടികളിൽ ശാസ്ത്രാഭിരുചിയും സാമൂഹിക ബോധവും ഭാഷാ സ്നേഹവും

വളർത്തുന്നതിനും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനുമായി

വിവിധ ക്ലബ്ബുകളുടെ കാര്യക്ഷമമായ പ്രവർത്തനം നടന്നുവരുന്നു.

## വിവിധ ക്ലബ്ബുകൾ

വിദ്യാരംഗം കലാസാഹിത്യം :സബിത ഒ എസ്

സയൻസ് ക്ലബ്ബ് :ജിജോ ഗർവാസീസ്

ഗണിത ക്ലബ്ബ് :ആതിര വിജയൻ

**ഭാഷ ക്ലബ്ബ്**

ഇംഗ്ലീഷ് : ഫാത്തിമ

ഹിന്ദി :റുബീന

സംസ്കൃതം :ഡോക്ടർ ഷിമോദ് കെ ജി

ലഹരി വിരുദ്ധ ക്ലബ്ബ്/ വിമുക്തി :ഫാത്തിമ

ശുചിത്വ ക്ലബ്ബ് :റുബീന കെ സി

പരിസ്ഥിതി ക്ലബ്ബ്: സേതുലക്ഷ്മി

സാമൂഹ്യശാസ്ത്ര ക്ലബ്ബ് :വിപിൻകുമാർ

എനർജി ക്ലബ്ബ് :ജിജോ ഗർവാസീസ്

ഹെൽത്ത്ക്ലബ് :ഷൈമോൾ

# <u>യു പി ഗണിതം</u>

| | | | | |
|---|---|---|---|---|
| 1.മുന്നറിവ് കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ഗണിത അധ്യാപിക | |
| 2.അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക | **<u>ഗണിത ശിൽപശാല</u>** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു (നമ്പർ പാറ്റേൺ,വർക്ക് ഷീറ്റ് ,ചെലവ് കുറഞ്ഞ പഠന സാമഗ്രികൾ എന്നിവ ഉപയോഗിച്ച് ) | ജൂൺ,ജൂലൈ മാസങ്ങളിൽ | ഗണിത അധ്യാപിക | |
| 3.ഗണിതം മധുരമാക്കൽ - നിറങ്ങളിലൂടെ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ് മുറികൾ അലങ്കരിക്കുന്നു | ആവശ്യനുസരണം | വിദ്യാർത്ഥികൾ | ഗണിത ക്ലബ്ബ് |
| 4.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അദ്ധ്യാപകരും മുൻനിര വിദ്യാർത്ഥികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു .പോരായ്മകൾ കണ്ടെത്തി പിന്തുണ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും | |
| 5.ഗണിത മത്സര വേദിയിലേക്ക് | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ,മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | മാസത്തിൽ ഒന്ന് | ക്ലബ് അംഗങ്ങൾ ,അദ്ധ്യാപകർ,പി ടി എ | പി ടി എ |
| 6.ഐ ടി സാധ്യതകളിലൂടെ ഗണിത പഠനം | ജാമിതീയ രൂപങ്ങൾ,ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ സി ടി ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കുന്നു | ആഴ്ചയിൽ രണ്ടു പിരീഡ് | ഐ ടി/ഗണിത അദ്ധ്യാപകൻ | |
| 7.വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു | ആവശ്യനുസരണം | എസ് ആർ ജി | ഗണിത ക്ലബ്ബ് |

## അക്കാദമിക് മാസ്റ്റർപ്ലാൻ - സാമൂഹ്യ ശാസ്ത്രം (യു.പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ,ആശയങ്ങൾ ഇവ പരിശോദിക്കൽ ,നേടിയെടുക്കൽ. | 1.അങ്കത്തട്ട് - കളിയിലൂടെ കാര്യത്തിലേക്ക് . സാമൂഹ്യശാസ്ത്രവുമായ് ബന്ധപ്പെട്ടു പഠിതാക്കളുടെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിനായ് വിവിധതരം ഗെയിമുകൾ നൽകുന്നു. 2.ഓർമ്മച്ചെപ്പ്- നദികൾ,ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ .സി.ടി.സാധ്യത ഉപയോഗപ്പെടുത്തി മെമ്മറി ടെസ്റ്റ്. | ജൂൺ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക . | വിർച്ചൽഫീൽഡ് ട്രിപ്പ്- ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിഡിയോകൾ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജുലൈ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക് - ഗ്രാമസഭ, വാർഡ് | ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സഭ എന്നിവയിൽ മാതാപിതാക്കളോട ൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | | | |
| 4.പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു . | നേർക്കാഴ്ച- ഭൂകമ്പം,സുനാമി,വെള്ളപ്പൊക്കം ,കൊടുങ്കാറ്റ്,ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും , രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 5.സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ കൈത്തിരി-പ്രകൃതി ദുരന്തത്തിനിടയായവർ,അവശത അനുഭവിക്കുന്നവർ, ആലംബഹീനർ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽകഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.മിതവ്യയശീലത്തിന്റെ ഭാഗമായ് കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശത്തു | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ആശ്വാസഹസ്തമാകുന്നു. | | | |
| 6. വിദ്യാർത്ഥികളിൽ ഭക്ഷണത്തിന്റെ പ്രാധാന്യവും ,പങ്കുവെയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യവും ഉളവാക്കുക . | ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് തയ്യാറാക്കിയ ഭക്ഷണം സ്കൂളിൽകൊണ്ടുവന്നു പരസ്പരം പരിചയപ്പെടുത്തുകയും ,പങ്കുവയ്ക്കുകയും ചെയ്യുക.(ഫുഡ് ഫെസ്റ്റ്) | നവംബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 7. വിവര - വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | ചിലന്തിവലയിൽ അകപ്പെടാതെ - സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ,ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും ,രക്ഷകർത്താക്കൾക്കും റോഡ് സുരക്ഷ,സൈബർകുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ. | ഡിസംബർ-ജനുവരി | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 8. സുസ്ഥിര വികസന കാഴ്ചപ്പാട് വികസിപ്പിക്കുക. | മനുഷ്യരുടെ ഇടപെടലുകൾക്ക് കാരണമായ കണ്ടൽക്കാടുകൾ, കാവുകൾ,ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേറിപ്പോർട്ട് തയ്യാറാക്കുന്നു. | ഫെബ്രുവരി-മാർച്ച് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| | | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ - ഇംഗ്ലീഷ് (യു.പി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം ശരിയായ രീതിയിൽ സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | . ഇംഗ്ലീഷ് കഥകൾ ,കവിതകൾ, വാർത്തകൾ തുടങ്ങിയവ കേൾക്കാനും, വീഡിയോകൾ കാണാനും ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാനും അവസരം ഒരുക്കുന്നു.<br>. ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു.<br>.റോൾപ്ലെ, സ്കിറ് മുതലായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| 2. ഇംഗ്ലീഷ് വായന പ്രോത്സാഹിപ്പിക്കുക . | വിവിധ വായനക്കാർഡുകൾ തയ്യാറാക്കുകയും അവ വായിക്കാൻപ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.<br>. ഇംഗ്ലീഷ് ദിനപ്പത്രം,ലൈബ്രറിയിൽ നിന്നും ചെറിയ കഥാപുസ്തകം എന്നിവ വായിപ്പിക്കുക.<br>.'റീഡർ ഓഫ് ദി മംത്' നെ ആദരിക്കുക . | ഓഗസ്റ്റ്-സെപ്റ്റംബർ & എല്ലാമാസവും | ഇംഗ്ലീഷ് അദ്ധ്യാപകർ. | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുക. | . സൂചന ബോർഡുകൾ,നോട്ടീസുകൾ ,പോസ്റ്ററുകൾ എന്നിവ എഴുതിപ്പിച്ച് പ്രദർശിപ്പിക്കുക.<br>.മാഗസിൻ ( വർഷത്തിൽ ഒരുതവണ ) | ഒക്ടോബർ -നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ. | |
| 4. ഇംഗ്ലീഷ് ഭാഷയിൽ നന്നായ്സംസാരിക്കുവാനും, ഭാഷയോടുള്ള സമീപനത്തിൽ ആത്മവിശ്വാസം ഉയർത്തുവാനും പ്രാപ്തരാക്കുക. | . കഥപറച്ചിൽ, റോൾപ്ലെ ,സ്കിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുക. ക്ലാസ്സിൽ മോഡൽ ഇന്റർവ്യൂ നടത്തുക.,ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക.<br>.ഇംഗ്ലീഷ് ഫെസ്റ്റ് / ഇംഗ്ലീഷ് ഡേ സംഘടിപ്പിക്കുക. | ഡിസംബർ-ജനുവരി | ഇംഗ്ലീഷ് അദ്ധ്യാപകർ. | |

| | | | | |
|---|---|---|---|---|
| 5. ഐ.സി.ടി. സാധ്യത മനസിലാക്കുക. | എൽ .എസ്.ആർ .ഡബ്ലിയു വികസിപ്പിക്കുന്നതിനായ് ഐ .സി. ടി സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | ഫെബ്രുവരി-മാർച്ച് & അക്കാദമിക് വർഷം | ഇംഗ്ലീഷ് അദ്ധ്യാപകർ. | |

**മേഖല  യുപി മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | എന്റെ അവധിക്കാലം<br><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ് )അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ് |
| | ഭാഷാകേളി<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ | മലയാളം അധ്യാപകർ | പിടിഎ |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| | വാർത്താലോകത്തേക്ക്<br><br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| | വാർത്ത വായന<br><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ | പ്രതിമ ാസ | | |

| | | | | |
|---|---|---|---|---|
| | കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | ം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3. മലയാളം കമ്പ്യൂട്ടറിന് പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും . | ഇ -കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | അക്കാദമിക<br>വർഷം | മലയാളം ഐടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| 4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ നിർത്താവിഷ്കാരം തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | പിടിഎ സ്കൂൾ | പിടിഎ |
| 5. ദിനാചരണങ്ങൾ | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | എല്ലാ മാസവും | ക്ലാസ് ലീഡർമാർ മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ |
| 6. ക്ലാസ് ലൈബ്രറി | കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറികൾ സജ്ജമാക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |

**മേഖല യുപി സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സംഘ പഠനം നടപ്പാക്കൽ | ശാസ്ത്ര പഠനങ്ങളിൽ മുന്നിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ സഹായത്തോടെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സംഘ പഠനത്തിലൂടെ അവരുടെ വിഷയത്തിലുള്ള താല്പര്യം ഉണ്ടാക്കിയെടുക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ ജൂലൈ ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ, പിയർ ഗ്രൂപ്പ് | |
| 2. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | പച്ചക്കറിത്തോട്ടം ഔഷധ തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിർമ്മാണം<br><br>പരീക്ഷണങ്ങളും നിരീക്ഷണങ്ങളും<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ് | പിടിഎ |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | തയ്യാറാക്കുന്നു.<br><br>ശാസ്ത്രോത്സവം<br><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>ഊർജ്ജക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിൽ നിർമിക്കുന്നു.<br><br>മുഖാമുഖം<br><br>ശാസ്ത്രം മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച അവതരിപ്പിക്കാനുള്ള | ഓഗസ്റ്റ്<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ് | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 3.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | അവസരം നൽകുന്നു.<br><br>ശാസ്ത്ര ലോകം<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ കൊള്ളിച്ച ശാസ്ത്ര ലൈബ്രറി.<br><br>വിസ്മയ യാത്ര<br><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ് | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് |

**ACADEMIC MASTER PLAN ENGLISH (H . S)**

## Introduction

The English language plays a vital role in shaping a students academic journey and holistic development. In our school we recognise the importance of fostering a strong foundation in English through a balanced and progressive approach that integrates listening, reading, writing and speaking skills. In line with the school's vision of nurturing competent and expressive learners, the English language Academic Plan for the upcoming academic year is designed to meet both foundational and advanced linguistic needs across different grade levels. The objective is to enhance language proficiency through learner centred activities.

| **Objectives** | **Activities** | **Execution period** | **In charge** |
| --- | --- | --- | --- |
| 1.Enhance reading habits and comprehension skill. | Reading hour .<br>Class library setup. | Once a week.<br>Whole academic year | English teachers H S and U P |
| | Presenting tongue twisters in assembly. | | |
| 2.Building speaking and listening skills . | Book review, presentation. | Twice a week. | |
| 3. Improve writing. | Picture description. | On every Friday | |
| 4.Promote grammar and vocabulary development. | | During English<br>Once in every term | |
| 5.Encourage appreciation of literature. | Recitation competition. | | |
| | Story telling .<br>Book review, presentation. | Every term. | |
| 6.Strengthen exam readiness and academic language use. | Guided creative writing session.<br>Essay or story writing competitions. | Once a year | |
| 7.Enhance creativity | Paragraph writing. | Once a year | |
| | English magazine. | | |

| | | |
|---|---|---|
| | | Monthly |
| | Spelling Bee competition. | Twice a week |
| | Vocabulary wall. | During morning assembly |
| | Introduction of famous novels dramas and its writers. | Once a year |
| | Conducting book fest. | |
| | **E**nacting different characters. | As part of English fest |
| | Drawing scenes from stories. | Classroom activities |
| 8.Use of ICT possibilities | Screening of English album songs, animation and cartoons in class. | Part of English club activity as part of special day observations. |
| | Digital poster making competition | |
| | Model question paper practice. | After every unit as classroom activity and as club activity |
| | Feedback session. | |
| | Remedial support classes.<br>Worksheet practice.<br>Digital poster making competition | classroom activity on day observations<br>In October |
| | English fest | |

The English academic plan for the upcoming year is designed to promote effective communication, critical thinking and a lifelong appreciation for the language with the continuous assessment, teacher collaboration and learner centred approach. This plan aims in enhancing English language proficiency ,confidence and expression in all students.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പുവരുത്തുക | -പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുന്നു. -ഗണിതത്തിന്റെ അടിസ്ഥാന ശേഷി ഒട്ടും ഇല്ലാത്ത കുട്ടികളെ കുട്ടികളെ ശ്രദ്ധ ക്ലാസ്സിലേക്ക് തിരഞ്ഞെടുക്കുന്നു | ജൂൺ | അധ്യാപിക | |
| 2.ഗണിത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ , അവരുടെ പ്രധാന്യം എന്നിവ മനസിലാപ്പിക്കുന്നു | -വീഡിയോ അവതരണം<br>പോസ്റ്റർ അവതരണം | ജൂലൈ | മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| | | ആഗസ്റ്റ് | അധ്യാപിക കുട്ടികൾ | PTA |
| 3.ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം ബോധ്യപെടുത്തൽ | -വീഡിയോ അവതരണം ഗണിത രൂപങ്ങളുടെ പ്രദര്ശനം<br>-ക്ലബ് പ്രവർത്തനങ്ങൾ ഉർജ്ജസ്വലമാക്കുന്നു | സെപ്റ്റംബർ | അധ്യാപിക കുട്ടികളുടെ കൂട്ടായ പ്രവർത്തനം | PTA |
| 4.ഗണിത ആശയങ്ങളിലിൽ നിന്നും ഉടലെടുത്ത ഗണിത രൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടുത്തുന്നു | ജിയോജിബ്ര വീഡിയോ അവതരണം എന്നിവ കൂടുതൽ പ്രയോജനപ്പെടുത്തുന്നു | വർഷം മുഴുവനും | അധ്യാപിക ഐസിടി മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 5.ആധുനിക ശാസ്ത്രസാങ്കേതികാ വിദ്യയുടെ | | ഒക്ടോബർ | ഗണിത ക്ലബ് PTA | PTA |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ പ്രയോജനപ്പെടുത്തുന്നു | ഗണിത ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്കു പ്രാപ്തരാക്കൽ | | PTA | PTA |
| 6.ഗണിത മത്സര വേദിയിലേക്ക് | | ജൂൺ ,ഓഗസ്റ്റ്, സെപ്റ്റംബര്, ജനുവരി | അധ്യാപിക കുട്ടികൾ | |
| 7.രക്ഷിതാക്കളെ ബോധവത്കരിക്കൽ | PTA കൂടുന്നു | ഡിസംബർ | | |
| 8.രാമാനുജൻ ദിനാചരണം | ക്വിസ് മത്സരം, റോൾ പ്ലേയ്, വീഡിയോ അവതരണം | | | |

**മേഖല – മലയാളം H S**

പ്രവർത്തനം 1 - ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഭൗതീകം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ( ശ്രദ്ധ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br><br>1 വർഷക്കാലം | മലയാളം ടീച്ചർ | പുസ്തകങ്ങൾ, ചിത്രങ്ങൾ, ഓഡിയോ, വീഡിയോ |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | 1. ക്ലാസ് ലൈബ്രറി ക്രമീകരണം<br>2.. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരണം<br>4. വായനായിടം സജ്ജമാക്കൽ<br>5 പത്രവായന<br>6.. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ. | 6 മാസം - 1 വർഷം<br><br>എല്ലാ ദിവസവും<br><br>ആവശ്യമനുസരിച്ച് | മലയാളം ടീച്ചർ,<br><br>വിദ്യാരംഗം ചാർജ്ജ് | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, |
| 3.. സദസ്സിനെ അഭിമുഖീകരിക്ക | വിവിധ വിഷയങ്ങൾ | | | |

| | | | | |
|---|---|---|---|---|
| പ്രാപ്തരാക്കുക | നൽകി പ്രസംഗം തയ്യാറാക്കുക. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു. പ്രസംഗ അവതരണ വേദികൾ സജ്ജമാക്കുക. | 2 ആഴ്ചയിലൊരിക്കൽ | മലയാളം ടീച്ചർ | ഓഡിയോ വീഡിയോ |

| ഉപമേഖല | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| 1 പത്രവായന പരിപോഷിപ്പിക്കുക | പത്ര വായന - പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. ഓരോ ക്ലാസ്സിനും ഓരോ പത്രം. പത്രവാർത്ത അവതരണം | ദിവസേന | അധ്യാപകർ |
| 2. സർഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ<br><br>സാഹിത്യ ക്വിസ്<br><br>കവിതാലാപന മത്സരം<br><br>പുസ്തകാസ്വാദനം | ആഴ്ചയിലൊരിക്കൽ<br><br>ആഴ്ചയിലൊരിക്കൽ | ഭാഷാധ്യാപകർ |

# अकादमिक मास्टर प्लेन  हिंदी

| लक्ष्य | गतिविधियां | पर्यवेक्षण | काल |
|---|---|---|---|
| • 5 ,6 ,7 वीं कक्षाओं के बच्चों में अक्षरों का बोध व्यक्त करना। हिंदी भाषा की शुरुआत 5 वीं कक्षा से होने से बच्चों में उसके प्रति प्यार और तत्परता बढ़ाना<br>• बिना गलती केबच्चों को हिंदी वाचन करने में सक्षम बनाना ।<br>• हिंदी में बात करने में सक्षम बनाना । दैनिक जीवन में आवश्यक जरूरी हिंदी को पढ़ाना | • नए पद, कविता आलापन करके उस में से निकलने वाले शब्दों को ध्यान देते हुए पढ़ाना । उस के लिए अक्षरों वाला चार्ट अक्षरों को ICT के द्वारा भी दिखाने का प्रयास करना ।<br>• लगातार बच्चों को पुस्तक पढ़कर सुनाकर वाचन के ओर आकृष्ट करेंगे, किसी चित्रकथा और उसकी ऑडियो या वीडियो को दिखाएँगे और सुना भी देंगे।<br>• हिंदी में बात करने सवाल जवाब करने की क्षमता को बढ़ाना । उसके लिए प्रत्येक समय निकालना । | • हिंदी भाषाध्यापिका<br>• हिंदी भाषाध्यापिका<br>• हिंदी भाषाध्यापिका | • जून से<br>• जून से<br>• जून से |
| • 8 वीं के बच्चों को चिह्न ,उच्चारण आदि को जानने पहचानने की क्षमता बढ़ाने के साथ साथ लिखने पढने और पहचानने में सक्षम बनाना ।<br>• हफ्तों का नाम और गिनती आदि का परिचय देना । | • अक्षरों वाला कार्ड देना । अक्षरों को जोर से पढ़ने का निर्देश देना। ऑडियो विशन की मदद से उच्चारण और भी पक्का बनाते हैं<br>• कक्षा के प्रत्येक बच्चों से अपने जन्म तारीख हिंदी में लिखने का निर्देश देते हैं । वर्कशीट देते हैं हिंदी कलेंडर तैयार करते हैं। | • हिंदी भाषाध्यापिका<br>• हिंदी भाषाध्यापका<br>• हिंदी भाषाध्यापिका | • ह्रस्व काल<br>• जून<br>• जुलाई<br>• मध्य काल<br>• अगस्त<br>• सितंबर |

| | | | |
|---|---|---|---|
| • हिंदी आसानी से लिखने और पढ़ने के लिए सक्षम बनाना । अध्यापिका वाचन में जोर देकर प्रशिक्षण दें । कार्टून, चित्रकथा आदिचढकर आशय व्यक्त करने का क्षममा बढ़ाना । | • डिक्टेशन, पदसूर्य, प्रश्नोत्तरी आदि देती है। छोटी किताबें वाचन के लिए देते हैं । | | • दिसंबर<br>• जनवरी |
| • 9 वीं में हिंदी पढ़ने औरा लखने में पीछे रहने वालों को पहचानकर आवश्यक मदद देना ।<br>• नाम, सर्वनाम, विशेषण आदि को समझने में सक्षम बनाना । वाका घटने का परिचय देना । छोटे छोटे नारा लिखने में काबिल बनाना ।<br>• पोस्टर तैयार करने में प्राप्त बनाने के साथ साथ कविना पढ़कर आस्वादन टिप्पणी तैयार करने में सक्षम बनाना । | • वर्कशीट देना । चित्रों वाला पुस्तक पढ़ने के लिए देते हैं ।<br>• चार्ट देना । उसमें से सर्वनाम, विशेषण आदि को पहचानने में सहाय देना । कविना और कथा को पूरा करने को देते हैं। सूचना कार्ड लिखकर कक्षा में प्रदर्शन करने का निर्देश ।<br>• पोस्टर का मोडल देते हैं । विविध विषय देते हैं । कक्षा में प्रदर्शित करके मूल्यांकन करते हैं। छोटे छोटे कवितों को देकर आस्वादन टिप्पणी लिखकर कक्षा में प्रस्तुत करवाते हैं | • हिंदी भाषाध्यापका<br>• हिंदी भाषाध्यापिका<br>• हिंदी भाषाध्यापिक | • ह्रस्व काल<br>• जून - जुलाई<br>• मध्यकाल<br>• अगस्त -सितंबर<br>• दीर्घकाल<br>• नवंबर -दिसंबर |
| • 10 वीं के बच्चों के भाषा प्रयोग को बढ़ाने के लिए उस से संबंधित गतिविधियां चलाते हैं ।<br>• साहित्याभिरुचि बढ़ाने के लिए हिंदी वारघोष तथा कलोत्सव में बच्चों | • नाटक मंच में प्रदर्शित करते हैं। संदर्भाचित वार्तालाप लिखने का निर्देश देती हैं ।<br>• हिंदी पद्य आलापन, कथा रचना , कविना रचना, पोस्टर निर्माण आदि प्रतियोगिताएं | • हिंदी भाषाध्यापिका<br>• हिंदी भाषाध्यापिका | • ह्रस्व काल<br>• जून -जुलाई<br>• मध्यकाल<br>• अगस्त - सितंबर |

| | | | |
|---|---|---|---|
| की भागीदारी पक्का करते हैं।<br><br>• आशयों को विविध रूपों में प्रस्तुत करना । कथा को पटकथा रूप देना । टिप्पणी तैयार करना, डायरी लिखना आदि के लिए प्रोत्साहित करना। | आयोजित करना ।<br><br>• पाठ भाग के आधार पर पात्रों के चरित्रगत टिप्पणी तैयार करने का निर्देश । दैनिक डायरी लिखने का निर्देश देना। | • हिंदी भाषाध्यापिका | • दीर्घ काल<br>• नवंबर - जनवरी |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങൾ ഉറപ്പു വരുത്തുന്നു | -പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയാറാക്കുന്നു | ജൂൺ ആദ്യ വാരം | അധ്യാപകൻ | |
| 2.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | -സാമൂഹ്യശാസ്ത്ര ലാബുകൾ മുഖേന | അക്കാദമിക വർഷം മുഴുവൻ | അധ്യാപകൻ | PTA |
| 3.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | -ഹിരോഷിമ,നാഗസാക്കി ,ക്വിറ്റിന്ത്യാ ,Independence ഡേ ദിനാചരണങ്ങൾ | ഓഗസ്റ്റ് | കുട്ടികൾ PTA | PTA |
| 4.ജനാധിപത്യം ഒരു ജീവിതശയിലി ആക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | -സ്കൂൾ പാർലമെന്റ്, പൗരബോധം ,സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു . | സെപ്റ്റംബർ | PTA കുട്ടികൾ | PTA |
| 5.സാമൂഹ്യശാസ്ത്ര മത്സര വേദിയിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു | -സാമൂഹ്യശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര ക്ലബ് അധ്യാപകൻ | PTA |

| | | | | |
|---|---|---|---|---|
| 6.വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവ എല്ലാം പരിചയപ്പെടുത്തുന്നു | -വീഡിയോ അവതരണം . കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കുന്നു | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 7.കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | - ക്വിസുകൾ ,ദിനാചരങ്ങൾ സംവാദം എന്നിവയെകുറിച്ചു കൂടുതൽ വ്യക്തമായ ധാരണ നൽകുന്നു | വർഷം മുഴുവൻ | കുട്ടികൾ PTA | PTA |

## മേഖല H S സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സംഘ പഠനം നടപ്പാക്കൽ | ശാസ്ത്ര പഠനങ്ങളിൽ മുന്നിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ സഹായത്തോടെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സംഘ പഠനത്തിലൂടെ അവരുടെ വിഷയത്തിലുള്ള താല്പര്യം ഉണ്ടാക്കിയെടുക്കാനുള്ള പ്രവർത്തനങ്ങൾ<br><br>2.ജീവിതസാഹചര്യങ്ങളിൽ നിന്നും | പച്ചക്കറിത്തോട്ടം ഔഷധ തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു | ജൂൺ ജൂലൈ ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ, പിയർ ഗ്രൂപ്പ് | |

| | | | | |
|---|---|---|---|---|
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | കൊണ്ടുള്ള നിർമ്മാണം<br><br>പരീക്ഷണങ്ങളും നിരീക്ഷണങ്ങളും<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ് | പിടിഎ |
| 3. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്രോത്സവം<br><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>ഊർജ്ജക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>ശാസ്ത്ര വിസ്മയ ചുമർ | ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ് | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട ശാസ്ത്ര<br>വിസ്മയ ചുമർ ഓരോ<br>ക്ലാസിൽ നിർമിക്കുന്നു.<br><br>മുഖാമുഖം<br><br>ശാസ്ത്രം മേഖലയിലെ<br>പ്രമുഖരായ<br>വ്യക്തികളുമായി<br>അഭിമുഖം നടത്തി<br>നൂതന ശാസ്ത്ര<br>ആശയവുമായി<br>ബന്ധപ്പെട്ട<br>സെമിനാർ<br>സംഘടിപ്പിച്ച<br>അവതരിപ്പിക്കാനുള്ള<br>അവസരം നൽകുന്നു.<br><br>ശാസ്ത്ര ലോകം<br>കുട്ടികളിൽ ശാസ്ത്ര<br>അവബോധം<br>വർദ്ധിപ്പിക്കുന്നതിനായ<br>ി ക്ലാസുകളിൽ ശാസ്ത്ര<br>മാസികകൾ<br>കൊള്ളിച്ച ശാസ്ത്ര<br>ലൈബ്രറി.<br><br>വിസ്മയ യാത്ര<br><br>ഐസിടിയുടെ<br>സഹായത്തോടെ<br>ശാസ്ത്ര വിസ്മയങ്ങൾ<br>കുട്ടികളിലേക്ക്<br>എത്തിക്കുന്നു പുതിയ<br>കണ്ടെത്തലുകൾ<br>ശാസ്ത്ര സത്യങ്ങൾ<br>ശാസ്ത്രകാരന്മാരുടെ<br>ജീവചരിത്രങ്ങൾ<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട കൂടുതൽ<br>അറിവുകൾ<br>എന്നിവയുടെ<br>വീഡിയോ പ്രദർശനം. | അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം | ശാസ്ത്ര<br>അധ്യാപകർ,<br>ടീൻസ് ക്ലബ്ബ്,<br>സയൻസ്<br>ക്ലബ്<br><br>ശാസ്ത്ര<br>അധ്യാപകർ,<br>ടീൻസ് ക്ലബ്ബ്,<br>സയൻസ്<br>ക്ലബ് | സയൻസ്<br>ക്ലബ്<br><br>സയൻസ്<br>ക്ലബ് |

| | | | | |
|---|---|---|---|---|
| 3.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | | | ശാസ്ത്ര അധ്യാപകർ, ടീൻസ് ക്ലബ്ബ്, സയൻസ് ക്ലബ് | സയൻസ് ക്ലബ് |